അസ്ഹർ പുള്ളിയിൽ

# അന്താരാഷ്ട്ര ഫിഖ്ഹ് അക്കാദമി 19-ാമത് സമ്മേളനത്തിലെ സുപ്രധാന തീരുമാനങ്ങൾ

**മുസ്‌ലിം** വേൾഡ് ലീഗിന്റെ കീഴിലുള്ള അന്താരാഷ്ട്ര ഫിഖ്ഹ് അക്കാദമിയുടെ 19-ാമത് സമ്മേളനം നവംബർ ഏഴിന് മക്കയിൽ സമാപിച്ചു. മുസ്‌ലിം ലോകവുമായി ബന്ധപ്പെട്ട ചില കർമശാസ്ത്ര പ്രശ്നങ്ങളിൽ അക്കാദമി സുപ്രധാന തീരുമാനങ്ങൾ പ്രഖ്യാപിക്കുകയുണ്ടായി. അക്കാദമി മേധാവിയും സുഊദി അറേബ്യയിലെ ഗ്രാന്റ് മുഫ്തിയുമായ ശൈഖ് അബ്ദുൽ അസീസുബ്നു അബ്ദില്ല ആലുശൈഖ്, മുസ്‌ലിം വേൾഡ് ലീഗ് സെക്രട്ടറി ജനറൽ ഡോ. അബ്ദുല്ലാഹിബ്നു അബ്ദിൽ മുഹ്സിൻ അത്തുർക്കി, ഫിഖ്ഹ് അക്കാദമി സെക്രട്ടറി ജനറൽ ഡോ. സ്വാലിഹ് ബ്നു സാബിൻ അൽമർസൂഖി എന്നിവരുടെ നേതൃത്വത്തിലാണ് നവംബർ മൂന്ന് മുതൽ ഏഴു വരെ തീയതികളിൽ അക്കാദമി ചേർന്നത്. ഗർഭസ്ഥശിശുവിന്റെ ലിംഗ നിർണയം, മുസ്‌ലിം രാജ്യങ്ങൾക്ക് പുറത്തുള്ള മുസ്‌ലിം പൗരന്മാരുടെ തെരഞ്ഞെടുപ്പുകളിലെ പങ്കാളിത്തം, ധ്രുവപ്രദേശങ്ങളിലെ ആരാധനാ സമയം, ഖുർആൻ സൂക്തങ്ങളെ മൊബൈലുകളിലും മറ്റും റിംഗ്ടോണിന് ഉപയോഗിക്കൽ തുടങ്ങിയ വിഷയങ്ങളാണ് അക്കാദമിയുടെ 19-ാമത് ഒത്തുകൂടലിൽ പ്രധാനമായും ചർച്ചക്ക് വന്നത്.

### ഗർഭസ്ഥശിശുവിന്റെ ലിംഗനിർണയം

നിബന്ധനകൾക്ക് വിധേയമായി ഗർഭസ്ഥശിശുവിന്റെ ലിംഗനിർണയത്തിന് 19-ാമത് ഫിഖ്ഹ് അക്കാദമി അനുമതി നൽകുകയുണ്ടായി. സമ്മേളനത്തിന്റെ ഏഴാമത് സിറ്റിംഗിൽ നാലര മണിക്കൂർ സമയമെടുത്ത ചർച്ചക്കു ശേഷമാണ് ലിംഗനിർണയത്തിന് അക്കാദമി അനുമതി നൽകിയത്. വിശ്വാസയോഗ്യരായ മൂന്ന് ഡോക്ടർമാരുടെ ശിപാർശയനുസരിച്ചും വൈദ്യപരിശോധനയുടെ റിപ്പോർട്ട് അടിസ്ഥാനമാക്കിയും രാജ്യത്തെ മതവിധി നൽകുന്ന ബോഡിയുടെ ഉപദേശമനുസരിച്ചും ചികിത്സാ ആവശ്യത്തിനുവേണ്ടി ഗർഭസ്ഥശിശുവിന്റെ ലിംഗ പരിശോധന നടത്താം എന്നാണ് അക്കാദമി അഭിപ്രായപ്പെട്ടത്. ആൺകുട്ടികളെയോ പെൺകുട്ടികളെയോ പ്രത്യേകം ബാധിക്കുന്ന രോഗത്തിനുള്ള ചികിത്സാ സന്ദർഭത്തിലാണ് ഈ ഇളവിന് അനുവാദമുണ്ടാവുക. അതുപോലെ ഗർഭാവസ്ഥയിലുള്ള കുഞ്ഞിന്റെ ആരോഗ്യനില ഉറപ്പുവരുത്തുന്നതിനും വികൃതമായ ഗർഭസ്ഥശിശുവിനെ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ടും ലിംഗപരിശോധന നടത്താവുന്നതാണ്. ഏതെങ്കിലും പ്രത്യേക ലിംഗത്തിലുള്ള കുഞ്ഞിന് മാത്രം ജീവിക്കാൻ അനുവദിക്കുന്നതിനും എതിർ ലിംഗത്തിലുള്ളതിനെ നശിപ്പിക്കുന്നതിനുമാണ് ലിംഗപരിശോധനയെങ്കിൽ, അത് ഖുർആൻ സൂക്തങ്ങൾ കർശനമായി വിലക്കിയ കാര്യം അക്കാദമി ഓർമിപ്പിക്കുകയും ചെയ്തു. ഈ അനുമതി ദുരുപയോഗപ്പെടുത്തുന്നില്ലെന്ന് ഉറപ്പുവരുത്താൻ ഇത്തരം പരിശോധന നടത്തുന്ന ആശുപത്രികൾക്ക് ഉത്തരവാദപ്പെട്ടവർ മേൽനോട്ടം വഹിക്കണം.

### തെരഞ്ഞെടുപ്പിലെ പങ്കാളിത്തം

മുസ്‌ലിംലോകത്തിന് പുറത്തുള്ള രാജ്യങ്ങളിൽ വസിക്കുന്ന മുസ്‌ലിം പൗരന്മാർക്ക് അന്നാടുകളിൽ നടക്കുന്ന വിവിധ തലങ്ങളിലുള്ള തെരഞ്ഞെടുപ്പിലെ പങ്കാളിത്തത്തെക്കുറിച്ചും അക്കാദമി ചർച്ച ചെയ്യുകയുണ്ടായി. ഈ വിഷയത്തിലെ മതവിധി രാജ്യത്തിന്റെ സ്വഭാവത്തിനും സാഹചര്യത്തിനും കാലഘട്ടത്തിനുമനുസരിച്ച് വ്യത്യാസപ്പെടുമെന്ന് അക്കാദമി ചൂണ്ടിക്കാട്ടി. ഇസ്‌ലാമിനെ നല്ല നിലക്ക് പ്രതിനിധീകരിക്കാനും മുസ്‌ലിം പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും സാധ്യമാകുമെങ്കിൽ അന്നാട്ടിൽ നടക്കുന്ന എല്ലാ തലത്തിലുമുള്ള തെരഞ്ഞെടുപ്പുകളിലും പൗരന്മാരായ മുസ്‌ലിംകൾ അമുസ്‌ലിംകളോടൊപ്പം പങ്കെടുക്കണമെന്ന് ഫിഖ്ഹ് അക്കാദമി അഭിപ്രായപ്പെട്ടു. മുസ്‌ലിം സമൂഹത്തിന് ഉപകാരപ്പെടുന്നതും ഉപദ്രവം തടയുന്നതുമായ സാഹചര്യം സൃഷ്ടിക്കാൻ ഇത്തരം പങ്കാളിത്തം ആവശ്യമായി ത്തീർന്നേക്കുമെന്നും അക്കാദമി വിലയിരുത്തി. എന്നാൽ ഇത്തരം ആവശ്യങ്ങൾക്കായി അനിസ്‌ലാമിക മാർഗങ്ങൾ മുസ്‌ലിംകൾ അവലംബിക്കാൻ പാടുള്ളതല്ല. മുസ്‌ലിംകൾ പാർശ്വവത്കരിക്കപ്പെടാതിരിക്കാനും അവരുടെ അവകാശങ്ങൾ നിഷേധിക്കപ്പെടാതിരിക്കാനും പാർലമെന്റ്, തദ്ദേശ സ്വയംഭരണ വകുപ്പുകൾ എന്നിവയിലേക്കുള്ള തെരഞ്ഞെടുപ്പുകളിലെയും പാർട്ടികളിലെയും പങ്കാളിത്തം ആവശ്യമാണെന്നാണ് കൗൺസിലിന്റെ വിലയിരുത്തൽ.

### ധ്രുവപ്രദേശങ്ങളിലെ ആരാധനാ സമയം

ധ്രുവപ്രദേശങ്ങളിലെയും അതിനോടടുത്തു കിടക്കുന്ന ഭാഗങ്ങളിലെയും നമസ്കാരസമയവും നോമ്പിന്റെ കാലവും എങ്ങനെ നിശ്ചയിക്കാം എന്ന വിഷയവും ഫിഖ്ഹ് അക്കാദമി ർച്ച ചെയ്തു. 66 ഡിഗ്രി അക്ഷാംശ രേഖക്ക് മുകളിലുള്ള ധ്രുവപ്രദേശങ്ങളിൽ ദിനരാത്രങ്ങളുടെയും സമയനിർണയത്തിന്റെയും പ്രകൃതിപരമായ അടയാളങ്ങളെ അവലംബിക്കൽ പ്രയാസമായതിനാൽ ആ പ്രദേശത്തെ ജനങ്ങൾ 45 ഡിഗ്രി അക്ഷാംശരേഖക്ക് താഴെയുള്ള ഭൂപ്രദേശങ്ങളിലെ സമയത്തോട് സമാനമായി കണക്കാക്കി ആരാധനകൾ നിർവഹിക്കണം. എന്നാൽ 48 ഡിഗ്രിക്കും 66 ഡിഗ്രിക്കും ഇടക്കുള്ള അക്ഷാംശ രേഖകളിലുള്ളവർ ദിനരാത്രങ്ങളുടെ ഗോളശാസ്ത്രപരമായ അടയാളങ്ങൾ വ്യക്തമാകുമ്പോൾ അവയെ അവലംബിക്കണം. അതോടൊപ്പം രാത്രി ആകാശത്തെ ചുവപ്പ് വൈകിയും നിലനിൽക്കുന്നതിനാൽ ഇശാ നമസ്കാരത്തിന്റെ സമയം വളരെ വൈകുന്നതിനാൽ പ്രയാസം അനുഭവിക്കുന്ന വിദ്യാർഥികൾ, ജോലിക്കാർ തുടങ്ങിയവരുടെ പ്രയാസം ദൂരീകരിക്കാനായി നമസ്കാരം ഒന്നിച്ചു നിർവഹിക്കാൻ (ജംഅ്) അനുവാദമുണ്ടായിരിക്കും. എന്നാൽ ഇത്തരം സന്ദർഭങ്ങളിലും സാധാരണ സമയം കണക്കാക്കി നമസ്കാരം നിർവഹിക്കാമെന്നാണ് അക്കാദമിയുടെ നിഗമനം.

### മക്ക കേന്ദ്രമായി ഗോളശാസ്ത്ര പഠനം

മുസ്‌ലിംകളുടെ ആരാധനകൾക്കും ആഘോഷങ്ങൾക്കും അവലംബിക്കാവുന്ന രീതിയിൽ ഗോളശാസ്ത്രപരമായ പഠനം നടത്തുന്നതിനായി മക്ക ആസ്ഥാനമായുള്ള കേന്ദ്രം നിലവിൽ വരണമെന്നും അക്കാദമി അഭിപ്രായപ്പെട്ടു. ഹിജ്റ കലണ്ടറും മാസപ്പിറവിയും ഏകീകരിക്കാനും ഗോളശാസ്ത്ര പഠനത്തിൽ

സഹകരണം രൂപപ്പെടുത്താനും ഉപകരിക്കുന്നതായിരിക്കണം ഈ കേന്ദ്രം. നിലവിൽ വിവിധ മുസ്‌ലിം രാജ്യങ്ങളിൽ ഇത്തരം ഗോളശാസ്ത്ര കേന്ദ്രങ്ങൾ നടത്തുന്നവർ അന്താരാഷ്ട്ര തലത്തിലുള്ള ഏകീകരണത്തിന് ശ്രമിക്കണമെന്നും അക്കാദമി ആഹ്വാനം ചെയ്തു.

## ഖുർആൻ സൂക്തങ്ങൾ മൊബൈൽ റിംഗ്ടോണിൽ ഉപയോഗിക്കൽ

പരിശുദ്ധ ഖുർആൻ സൂക്തങ്ങൾ മൊബൈൽ ഫോൺ പോലുള്ള ഉപകരണങ്ങളിൽ റിംഗ്ടോണായും മറ്റും ഉപയോഗിക്കുന്നത് അനുവദനീയമല്ലെന്ന് അക്കാദമി വ്യക്തമാക്കി. അനവസരത്തിലും അനാദരവുള്ള സ്ഥലങ്ങളിലും സന്ദർഭങ്ങളിലും ഖുർആൻ സൂക്തങ്ങൾ ഓതപ്പെടാൻ സാധ്യതയുള്ളതിനാലാണ് ഇതിന് വിലക്ക് ഏർപ്പെടുത്തുന്നത്. എന്നാൽ പാരായണം ചെയ്യുക എന്ന ലക്ഷ്യത്തോടെ ഖുർആൻ മൊബൈലുകളിൽ ഉപയോഗിക്കുന്നതിന് വിരോധമില്ല. ഖുർആൻ സൂക്തങ്ങൾ പരിഷ്കരിച്ച ലിപിയനുസരിച്ച് എഴുതുന്നത് അനുവദനീയമാണെന്ന് അഭിപ്രായപ്പെട്ട സമ്മേളനം, അത്തരം കലകൾ സൂക്തത്തിന്റെ അർഥം വികലമാകുന്ന രീതിയിലാവാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് പ്രത്യേകം ഉണർത്തി. ■